LIBRARY ARCHIVES Kerala Legislative Assembly

കുമ്പളങ്ങി മോഡൽ ടൂറിസ്റ്റ് വില്ലേജുകൾ

67 [1155] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളങ്ങി മോഡൽ ടൂറിസം വില്ലേജിന്റെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചു ;

(ബി) ഈ പ്രോജക്ടിന് ലഭിക്കുന്ന കേന്ദ്രസഹായം എന്തൊക്കെയാണ് ;

(സി) യു.എൻ.ഡി.പി. പ്രോജക്ടിൽ കുമ്പളങ്ങി ഗ്രാമം ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ത് സഹായമാണ് യു.എൻ.ഡി.പി. നൽകുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കുമ്പളങ്ങി മോഡൽ വില്ലേജുകൾ കേരളത്തിലെ മറ്റ് ഗ്രാമങ്ങളിലും തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏതൊക്കെ ഗ്രാമങ്ങൾ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കുമ്പളങ്ങി മോഡൽ ടൂറിസ്റ്റ് വില്ലേജിൽ നടന്നുവരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) കുമ്പളങ്ങി റൂറൽ ടൂറിസ്റ്റ് വില്ലേജിന് 50 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) യു.എൻ.ഡി.പി. ഈ പ്രോജക്ടിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്ത് ഉടനെ വില്ലേജ് ടൂറിസം പദ്ധതി ആരംഭിക്കുന്നതാണ്. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വരുന്നതേയുള്ളു.

ബേക്കൽ കുടിവെള്ള പദ്ധതി

68 [1156] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ബേക്കൽ കുടിവെള്ള പദ്ധതിയുടെ പണി ഇതുവരെ പൂർത്തിയായിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കി ജലവിതരണം ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ആവശ്യമായ ഫണ്ട് നൽകി ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാവും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ബേക്കൽ റിസോർട്ട് സൈറ്റുകളിലേക്ക് ശുദ്ധജലവിതരണം നടത്തുന്നതിനും പദ്ധതി പ്രദേശത്തെ പഞ്ചായത്തുകളായ ചെമ്മനാട്, ഉദുമ, പള്ളിക്കര, അജാനൂർ എന്നിവിടങ്ങളിലെ കുടിവെള്ള ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനും ഏഴ് ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ജലവിതരണ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വാട്ടർ ടാങ്കുകളുടെ നിർമ്മാണം പൂർണ്ണമായും പൂർത്തിയാവാത്തതും ഉദുമയിലെ റെയിൽവേ ലൈൻ ക്രോസിംഗ് പണിതീരാത്തതുമാണ് ജലവിതരണം ആരംഭിക്കുവാനുള്ള തടസ്സം.

(സി) പഞ്ചായത്തുകളുടെ സഹകരണത്തോടെ ജലവിതരണപദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ടൂറിസം, ദേവസ്വം വകുപ്പുകൾക്കായി നീക്കിവച്ച തുകയും ചെലവഴിച്ച തുകയും

69 [1157] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 വർഷത്തെ ബഡ്ജറ്റിൽ ടൂറിസം ദേവസ്വം വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം നീക്കിവച്ചെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ടൂറിസം, ദേവസ്വം വകുപ്പുകളിൽ ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്നും ഇതിനായി എത്ര തുക വീതം വകയിരുത്തിയെന്നും വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2004-05 വർഷത്തെ ബഡ്ജറ്റിൽ ടൂറിസം മേഖലയിൽ വിവിധ പദ്ധതികൾക്കായി വ്യത്യസ്ഥ ഹെഡ് ഓഫ് അക്കൗണ്ടുകളിലൂടെ വകയിരുത്തിയിരിക്കുന്ന തുകയുടെ വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. †

ദേവസ്വം വകുപ്പിൽ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിനുകീഴിൽ വരുന്ന മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്കായി 2004-05 വർഷത്തേയ്ക്ക് 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. [2250-00-103-95(N.P.)].

LIBRARY ARCHIVES Kerala Legislative Assembly